മുമ്പുള്ള രാത്രിയിൽ തകർത്തിരിക്കുന്നു. ആരാധനാ സ്വാതന്ത്ര്യത്തിൻ മേലുള്ള കടന്നാക്രമണം അവസാനിപ്പിക്കണം. മതസൗഹാർദ്ദത്തിന് പേരു കേട്ട സ്ഥലമാണ് ചെങ്ങന്നൂർ. അത് തകർക്കാൻ ആരേയും അനുവദി ക്കരുത്. കുറ്റവാളികളെ മാതൃകാപരമായി ശിക്ഷിക്കണമെന്നും വളരെ ഗൗരവമായി ഈ പ്രശ്നത്തിന് അടിയന്തിര നടപടി ഉണ്ടാകണമെന്നും ഗവൺ മെന്റിനോടഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. സി.വി.പത്മാജൻ) : സർ, ചെങ്ങന്നൂർ മഹാദേവ ക്ഷേത്രത്തിന് പുറത്തുള്ള ആൽത്തറയിൽ സ്ഥാപിച്ചിരുന്ന നാഗരാജാവിന്റെയും നന്ദികേശന്റെയും വിഗ്രഹങ്ങൾ 11-3-1996-ന് രാത്രി 12 മണിക്ക് അടിച്ച് തകർത്ത് നശിപ്പിക്കപ്പെട്ടു. ദേവസ്വം അഡ് മിനിസ്ട്രേറ്റീവ് ഓഫീസർ ശ്രീ. നാരായണൻ നമ്പൂതിരിയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ ക്രൈം നമ്പർ 169/96 അണ്ടർ സെക്ഷൻ 143, 147, 148, 149, 427, 295, 153 ഐ. പി. സി. പ്രകാരം ചെങ്ങന്നൂർ പോലീസ് ഒരു കേസ് രജിസ്റ്റർ ചെയ്തു. കേസിൽ അഞ്ച് പ്രതികളാണുള്ളത്. ഓമനക്കുട്ടൻ, സന്തീഷ്, രാജേഷ്, രാജൻ, സജു ഇവരെല്ലാം ഹിന്ദുക്കളാണ്. അതുകൊണ്ട് സമുദായ സംഘർഷത്തിന്റെ പ്രശ്നം അവിടെയില്ല എല്ലാ പ്രതികളേയും 12-3-1996-ൽ തന്നെ അറസ്റ്റ് ചെയ്തു. കോടതി റിമാൻഡ് ചെയ്ത പ്രതികളും ഇപ്പോൾ മാവേലിക്കര സബ് ജയിലിലാണ്. പോലീസിന്റെ പ്രവൃത്തിയെ ദേവസ്വം അധികാരികളും തന്നെ അനുമോദി ച്ചിട്ടുണ്ട്. കഴിഞ്ഞ മാസം ഉത്സവ ദിവസം ബഹളമുണ്ടാക്കിയ ഒരാളിനെ ആരോ മർദ്ദിച്ചതാണ് ഇതിന് കാരണം. ബഹുമാനപ്പെട്ട മെമ്പർ ചെങ്ങന്നൂ രിലുള്ള വാനരൻമാരുടെ പ്രശ്നം കഴിഞ്ഞ പ്രാവശ്യം ശ്രദ്ധയിൽപ്പെടുത്തിയ തുപോലെ അവിടത്തെ വിഗ്രഹങ്ങളുടേയും കാര്യത്തിൽ കാണിക്കുന്ന ശ്രദ്ധയെ ഞാൻ അഭിനന്ദിക്കുന്നു.

മി. സ്പീക്കർ : ചെങ്ങന്നൂരിലുള്ള എല്ലാ കാര്യത്തിലും ശ്രദ്ധിക്കും.

VII റിപ്പോർട്ട് സമർപ്പണം

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. സി. വി. പത്മരാജൻ) : സർ, കാര്യോപദേശക സമിതിയുടെ റിപ്പോർട്ട് സമർപ്പണം ഇന്നത്തെ അജണ്ടയിൽ ഉൾപ്പെടുത്തിയിരു ന്നതാണ്. ഇന്നത്തെ ചർച്ചയുടെ വെളിച്ചത്തിൽ അത് നാളത്തേക്ക് മാറ്റുക യാണ്.

ശ്രീ. ടി. ശിവദാസമേനോൻ : പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷൻ എന്നുള്ള നിലയ്ക്ക് സമിതിയുടെ 114 മുതൽ 125 വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

ശ്രീ. ഇസ്ഹാക്ക് കുരിക്കൾ : പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ അദ്ധ്യക്ഷനായ ശ്രീ. എം. എം. ഹസ്സനുവേണ്ടി സമിതി യുടെ 68 മുതൽ 72 വരെയുള്ള റിപ്പോർട്ടുകൾ ഞാൻ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly